**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5355 — 01.07.2014-ലെ മറുപടിയ്ക്ക്

## നന്മ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>,, പി.എ.മാധവൻ<br>,, എം.എ.വാഹീദ്<br>,, ഷാഫി പറമ്പിൽ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) നന്മ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) ഉപഭോക്താക്കൾക്ക് പ്രത്യേകിച്ച് ദാരിദ്ര്യ രേഖക്ക് താഴെയുള്ള ഗ്രാമീണ ജനതയ്ക്ക് കമ്പോളവിലയെക്കാൾ കുറഞ്ഞ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ അവർക്ക് എറ്റവും പ്രാപ്യമായ സ്ഥലത്ത് ലഭ്യമാക്കുകയും അതിലൂടെ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുകയും ചെയ്യുക എന്നതാണ് നന്മ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (ബി) ഈ പദ്ധതിയനുസരിച്ച് എത്രയിനം അവശ്യസാധനങ്ങളാണ് വിതരണം ചെയ്യുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) നന്മ പദ്ധതിയനുസരിച്ച് 10 ഇനം അവശ്യ സാധനങ്ങളാണ് മുഖ്യമായി സ്റ്റോറുകളിലൂടെ വിതരണം ചെയ്തുവരുന്നത്. പൊതുവിപണിയിൽ നിന്നും 20% വരെ വിലകുറച്ചാണ് ഇവ വിതരണം ചെയ്യുന്നത്. നന്മ സ്റ്റോറുകളുടെ താഴെ കാണിച്ചിട്ടുള്ള അവശ്യ സാധനങ്ങളാണ് സബ്സിഡിയിനത്തിൽ വിതരണം |

ചെയ്യുന്നത്.

1. ജയ അരി
2. കുറുവ അരി
3. മട്ട അരി (ത്രിവേണി നാടൻ കുത്തരി ഉൾപ്പെടെ)
4. പച്ചരി
5. പഞ്ചസാര
6. വെളിച്ചെണ്ണ
7. മുളക്/പിരിയൻ മുളക്
8. ചെറുപയർ
9. ഉഴുന്ന് ബോൾ
10. മല്ലി

ഇവയ്ക്കു പുറമെ സബ്സിഡി കൂടാതെ കോസ്മെറ്റിക്സ് സ്റ്റേഷനറി സാധനങ്ങൾ എന്നിങ്ങനെ 350 ഓളം മറ്റു സാധനങ്ങളും വിൽപ്പന നടത്തുന്നുണ്ട്.

(സി) പദ്ധതിയനുസരിച്ച് എത്ര വിൽപ്പന കേന്ദ്രങ്ങളും കൺസ്യൂമർ യൂണിറ്റുകളും ഉത്സവകാല ചന്തകളും ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(സി) പദ്ധതിയനുസരിച്ച് ആദ്യ ഘട്ടത്തിൽ 2000 നന്മ സ്റ്റോറുകൾ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. നന്മ സ്കീമിനു കീഴിൽ ഉൽസവകാല ചന്തകൾ നടത്തുന്നതിന് ലക്ഷ്യമിട്ടിട്ടില്ല. കൺസ്യൂമർ ഫെഡ് നേരിട്ട് നടത്തുന്ന 869 നന്മ സ്റ്റോറുകളും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്ന 1085 സ്റ്റോറുകളും ഇപ്പോൾ പ്രവർത്തിക്കുന്നു.

(ഡി) പദ്ധതി നടത്തുന്നത് ആരുടെ നേതൃത്വത്തിലാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പദ്ധതി നടത്തുന്നത് കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിലാണ്. കൺസ്യൂമർഫെഡ് നേരിട്ടും ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും നന്മ സ്റ്റോറുകൾ നടത്തിവരുന്നു.

| | | | |
|---|---|---|---|
| (ഇ) | എന്തെല്ലാം ധനസഹായമാണ് പദ്ധതി നടത്തിപ്പിന് ലഭിക്കുന്നത്; വിശദമാക്കുമോ? | (ഇ) | നന്മ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ ധനസഹായം ലഭ്യമാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ